## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4816 27.06.2014-ലെ മറുപടിക്ക്

## പാലുല്പാദനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പാലുല്പാദനം ദിനംപ്രതി ശരാശരി എത്ര ലക്ഷം ലിറ്ററാണ്; | (എ) ശരാശരി 81.25 ലക്ഷം ലിറ്ററാണ് സംസ്ഥാനത്തെ ദിനംപ്രതി പാലുല്പാദനം. |
| (ബി) എത്ര ലക്ഷം ലിറ്ററാണ് സംസ്ഥാനത്ത് ശരാശരി ദിനം പ്രതി ആവശ്യമായിട്ടുള്ളത്; | (ബി) സംസ്ഥാനത്ത് ശരാശരി പ്രതിദിനം 85 ലക്ഷം ലിറ്റർ പാൽ ആവശ്യമുള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| (സി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ക്ഷീരകർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; | (സി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി എന്നിവ നടപ്പിലാക്കുന്നുണ്ട്. എം.എസ്.ഡി.പി പ്രകാരം പശു/കിടാരി വളർത്തൽ യൂണിറ്റ് ആരംഭിക്കുന്നതിന് സബ്സിഡി അനുവദിക്കുകയും, മേൽത്തരം പശുക്കളെ/കിടാരികളെ അന്യസംസ്ഥാനത്തു നിന്നും വാങ്ങണമെന്ന നിബന്ധനയിലൂടെ സംസ്ഥാനത്തെ കാലിസമ്പത്ത് വർദ്ധിപ്പിക്കുകയും അതുവഴി ഉല്പാദനം വർദ്ധിക്കുകയും ചെയ്യുന്നു.<br>പാലുല്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ മിനി ഡയറി പദ്ധതി, കിടാരികളെ ദത്തെടുക്കൽ പദ്ധതി, കാലിത്തീറ്റ സബ്സിഡി, പശുക്കളെ വാങ്ങുന്നതിനുള്ള റിവോൾവിംഗ് ഫണ്ട്, മൃഗ ചികിത്സാ സഹായം, കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ്, ഉല്പാദന വർദ്ധനവിന് വേണ്ട വിരമരുന്നും മറ്റുല്പന്നങ്ങളും നൽകൽ എന്നിവ നടപ്പിലാക്കുന്നു. എറണാകുളം മേഖലാ യൂണിയൻ പാലിന് വേനൽക്കാല അധികവില, പശുക്കളെ വാങ്ങുന്നതിനുള്ള ലോണിന് പലിശ സബ്സിഡി, സബ്സിഡി നിരക്കിൽ വയ്ക്കോൽ വിതരണം, തൊഴുത്ത് പണിയുന്നതിന് സാമ്പത്തിക സഹായം, കന്നുകാലി |

ഇൻഷ്വറൻസ് സബ്സിഡി, കിടാരി വളർത്തലിന് 50% നിരക്കിൽ കാലിത്തീറ്റ, ഫാമുകൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി, പട്ടികജാതി വനിതകൾക്ക് കിടാരി വളർത്തൽ യൂണിറ്റ്, കർഷകർക്ക് പാൽ പാത്രങ്ങളും ക്ലീനിംഗിനുമുള്ള രാസവസ്തുക്കൾ നൽകുക, സംഘങ്ങൾക്ക് പാൽ ക്യാനുകളും ടെസ്റ്റിംഗ് ഉപകരണങ്ങളും നൽകുക, സംഘങ്ങൾക്ക് ക്യാനുകൾ, സെൻട്രിഫ്യൂജ് എന്നിവ വാങ്ങുന്നതിന് സബ്സിഡി, കർഷകർക്കും സംഘം ജീവനക്കാർക്കും പരിശീലന-പരിപാടികൾ എന്നിവ നടപ്പാക്കുന്നു. മലബാർ മേഖലാ യൂണിയൻ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് കിടാരികളെ ദത്തെടുക്കൽ പദ്ധതി, ഉല്പാദന വർദ്ധനവിന് വേണ്ട ഉല്പന്നങ്ങൾ നൽകുക, മിനി ഡയറി യൂണിറ്റുകൾക്ക് ഫാം സപ്പോർട്ട് പദ്ധതി, ബദൽ തീറ്റ വസ്തുക്കളുടെ വിതരണം, പട്ടികവർഗ്ഗ വിഭാഗത്തിൽ-പ്പെട്ടവർക്ക് പശുക്കളെയും കിടാരികളെയും ദത്തെടുക്കൽ പദ്ധതി എന്നിവയും നടപ്പിലാക്കുന്നുണ്ട്. ഇതിനു പുറമെ N.D.P- I പ്രകാരം Ration Balancing Programme (R.B.P), Village Based Milk Procurement System (VBMPS) എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (ഡി) കൂടുതൽ ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ ; | (ഡി) ബ്ലോക്ക് തലത്തിൽ നടത്തുന്ന ക്ഷീരവികസന മേളകളും ജില്ലാ സംസ്ഥാനതലങ്ങളിൽ നടക്കുന്ന ക്ഷീരസംഗമങ്ങളും സംസ്ഥാന-തലത്തിൽ ഏർപ്പെടുത്തിയ 'ക്ഷീരസഹകാരി അവാർഡ്", സംസ്ഥാന ജില്ലാ ബ്ലോക്ക് തലങ്ങളിൽ ക്ഷീരകർഷകരെ ആകർഷിക്കുന്ന-തിനുവേണ്ടി ക്യാഷ് അവാർഡുകളും സമ്മാനങ്ങളും ഡയറി ട്രെയിനിംഗ് സെന്ററുകളിൽ യുവാക്കൾക്ക് ആവശ്യമായ പരിശീലനം എന്നിവ കൂടുതൽ ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ്. ഇതിനു പുറമെ മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകൾ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികളും ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ